പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*135

04.12.2018-ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നേരിടുന്ന നിലവാരത്തകർച്ച

*ചോദ്യം*

ശ്രീ.മോൻസ് ജോസഫ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി.ജെ.ജോസഫ്

ശ്രീ. സി.എഫ്.തോമസ്

*ഉത്തരം*

ഡോ.കെ.ടി.ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗം നേരിടുന്ന നിലവാരത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യം ഇല്ലാതെ എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കോളേജുകളുടെ എണ്ണം അനിയന്ത്രിതമായി വർധിച്ചത് കാരണം അധ്യാപന പരിചയവും, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും അധ്യാപന അഭിരുചിയും ഉള്ള അധ്യാപകരുടെ അഭാവവും പഠന നിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നിരുന്നാലും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. |
| (ബി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ അൻപത് ശതമാനം പോലും വിജയിക്കുന്നില്ലായെന്ന വസ്തുത | (ബി) | എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്തുവാൻ |

| | | | |
|---|---|---|---|
| | ഗൗരവമായെടുത്ത് ഈ മേഖലയുടെ സമഗ്രമായ ഉന്നമനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | തീരുമാനിച്ചിട്ടുണ്ട്. AICTE മോഡൽ കരിക്കുലം അടിസ്ഥാനമാക്കി അടുത്ത അദ്ധ്യയന വർഷം തന്നെ സിലബസ് പരിഷ്കരണം നടത്തും. AICTE യുടെ മോഡൽ കരിക്കുലം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പാസാകാൻ കുറഞ്ഞ മാർക്ക് 40% ആക്കുന്ന കാര്യം പരിഗണിക്കും. പരീക്ഷ നടത്തിപ്പും മൂല്യ നിർണ്ണയവും കുറ്റമറ്റതാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>പി.എച്ച്.ഡി. യോഗ്യത ഉള്ളവരെ മാത്രമേ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൽമാരായി നിയമിക്കാവൂ എന്നും എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ അധ്യാപകരായി നിയമിക്കാവൂ എന്നുമുള്ള നിർദ്ദേശം നിലനിൽക്കുന്നു.<br><br>എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സാങ്കേതിക വൈദഗ്ദ്ധ്യത്തോടൊപ്പം തൊഴിൽ നൈപുണ്യവും വികസിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളും വ്യവസായ മേഖലയിൽ ഇന്റേൺഷിപ്പുകളും ഗവേഷണ സംരംഭങ്ങളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ലോക നിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താനുള്ള ചട്ടങ്ങൾ രൂപീകരിക്കും. തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് പഠനം പകുതിവഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നിവ നൽകാനുള്ള തീരുമാനം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ